


**Week 5**

## Be Angry and Sin Not (കോപം പാപമാക്കരുത്)

വർഷങ്ങൾക്കു മുൻപ് ഒരു ഓയിൽകമ്പിനിയ്ക്ക് അവരുടെ ഒരു പ്രധാന തൊഴിലാളി മൂലം വൻ നഷ്ടമുണ്ടായി. ഈ കമ്പിനി യുടെ ഉടമ മഹാനായ റോക്ക് ഫെല്ലറായിരുന്നു. കോപാകുലരായ എക്സിക്യൂട്ടീവ് അംഗങ്ങളെ ശാന്തരാക്കണമെന്ന് റോക്ക്ഫല്ലറാഗ്ര ഹിച്ചിരുന്നു. അവരോട് സംസാരിപ്പാൻ ബെഡ്ഫോർഡിനെ വിളി

ച്ചിരുന്നു. നഷ്ടത്തിന് കാരണക്കാരനായവന്റെ സകലകുറ്റങ്ങളും തയ്യാറാക്കി ഫോർഡ് വന്നപ്പോൾ റോക്ക്ഫെല്ലർ അയാൾ ഇത്രയും നാൾ ചെയ്ത നന്മകളാണ് എഴുതി തയ്യാറാക്കിയത്. നന്മകളുടെ വാക്കുകൾ ഫോർഡിന്റെ കോപത്തെ ഇല്ലാതാക്കി . ഇന്ന് രണ്ടു പേർ തമ്മിലുള്ള വഴക്ക് വലുതാക്കി അത്കണ്ട് സന്തോഷിക്കുന്നവരാണ് പലരും.

വെല്ലൂർ ഹോസ്പിറ്റലിന്റെ സ്ഥാപകയായ ഡോക്ടർ ഐഡാസ്ക്കഡറെപ്പറ്റി ഇപ്രകാരം കേട്ടിട്ടുണ്ട് .ആര് പ്രകോപിപ്പിച്ചാലും ശാന്തത കൈവിടാത്ത ഡോക്ടർ എന്ന്. ഒരിക്കൽ ഒരുരോഗി ദേഷ്യപ്പെട്ടിട്ടും ഒന്നും മിണ്ടാതെ പുഞ്ചിരിയോടെ ഇരിക്കുന്ന ഡോക്ടറെ കണ്ട് പുറത്ത് ഇത് ശ്രദ്ധിച്ചുകൊണ്ടിരുന്ന രണ്ടുപേരുടെ സംസാരം ഇപ്രകാരമായിരുന്നു. അവരുടെ ദൈവം ക്ഷമിക്കുന്നവനും, സ്നേഹിക്കുന്നവനുമാണെന്നായിരുന്നു. നമുക്ക് നമ്മുടെ ജീവിതത്തെ ഒന്ന് പരിശോധിയ്ക്കാം നമ്മെ നോക്കി മറ്റുള്ളവർ ഇവരുടെ ദൈവമാണ് വലിയവനെന്ന് പറയുമോ? തീച്ചൂളയിൽ നിന്ന് പോറൽ പോലും ഏല്ക്കാതെ, കരിഞ്ഞമണമില്ലാതെ പുറത്തുവന്ന എബ്രായ ബാലന്മാരെ നോക്കി നെബുഖദ്നസ്സേർ

രാജാവ് പ്രഖ്യാപിച്ചു 'ഈ വിധത്തിൽ വിടുവിക്കുവാൻ കഴിയുന്ന വേറൊരു ദൈവവും ഇല്ലെന്ന്.'

ഇന്ന് പലർക്കും കോപത്തിൽ നിന്ന് വിടുതൽ ലഭിക്കുന്നില്ല. ക്ഷമിച്ചിരിക്കുന്നു എന്ന് പറയുന്ന അതേ നാവുകൊണ്ടുതന്നേ എനിക്ക് മറക്കുവാൻ പറ്റുന്നില്ല എന്ന് പറഞ്ഞാൽ ക്ഷമിച്ചു എന്ന് പറയുന്നതിന് എന്തർത്ഥം. ചിലപ്പോൾ ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുന്നു. ഈ തോന്നലാണ്, അഹശ്വരേശ്ശ് രാജാവിന്റെ പ്രിയപ്പെട്ടവന് (ഹാമാൻ) സംഭവിച്ചത്. ഹാമാൻ സകലരും തന്നെ നമസ്ക്കരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ആപ്രവർത്തി ചെയ്യാത്തവനോട് വെറുപ്പും, കോപവും ഉണ്ടായി. "മുൻകോപി ഭോഷത്വം പ്രവർത്തിക്കുന്നു" എന്ന് വചനം പറയുന്നു. ഹാമാൻ കോപം മൂത്ത് ഭോഷത്വം തന്നെയാണ് ചെയ്തത്. മോർദ്ദേഖായി എന്ന യഹൂദൻ കല്പന പ്രമാണിക്കുന്നവനാകയാൽ യഹോവയ്ക്ക് നിരന്തര യുദ്ധമുള്ളവനെ നമസ്ക്കരിക്കയില്ല എന്ന് തീരുമാനിച്ചിരുന്നു.ഹാമാന്റെ കോപം മോർദ്ദേഖായിയ്ക്ക് വിഷയവുമല്ലായിരുന്നു. അവൻ ദൈവമുഖത്തെ ആദരി

ക്കുയുംബഹുമാനിക്കുകയും ചെയ്യുന്നവനായിരുന്നു.



Haman wore on his chest an image of the idol he worshipped. Mordechai refused to bow before Haman, despite the many warnings he had received from various officials. When Haman himself reprimanded him for not extending to him the honor which was bestowed upon him by the King, Mordechai answered: I am a Jew, and would never bow down to any human being wearing the image of a pagan idol on his chest.

പ്രീയമുള്ളവരേ! നല്ല പ്രവർത്തി ചെയ്താലും കോപിക്കുന്നവരാണ് സമൂഹത്തിൽ പലരും. ഓർക്കുക കോപം പാപത്തിലേക്ക് നയിച്ച ഹാമാൻ മാത്രമല്ല നിരപരാധികളായ മക്കളും മരണം ഏറ്റു

വാങ്ങേണ്ടതായി വന്നു .യഹോവ ഭക്തിയുള്ളവർ വിവേകമതിക ളാകയാൽ കോപത്തെ ശമിപ്പിക്കുന്നു. അതിന് ദൈവം നമ്മെയും സഹായിക്കട്ടെ.

## പ്രാർത്ഥന

യേശുവേ! കോപം ഒരു വ്യക്തിയുടെയും അവന്റെ തലമുറകളു ടെയും നാശത്തിനിടയാക്കും എന്ന് പഠിപ്പിച്ചതിന് നന്ദി. കോപം ഞങ്ങളെ പാപത്തിലേക്ക് നയിക്കാതിരിപ്പാൻ അങ്ങയുടെ കരങ്ങ ളിൽ ഞങ്ങളെ സമർപ്പിക്കുന്നു. ഞങ്ങളെ അനുഗ്രഹിക്കേണമേ .

ആമേൻ


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind